# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377
തിരുവനന്തപുരം

നമ്പർ. 1847/R1/2023/KDRB 07.12.2024

## അറിയിപ്പ്

കൂടൽമാണിക്യം ദേവസ്വത്തിലെ സെക്യൂരിറ്റി ഗാർഡ് (കാറ്റഗറി നം. 18/2023) തസ്തികയിലേയ്ക്ക് 25.11.2024-ൽ പ്രസിദ്ധീകരിച്ച സാധ്യതാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് 17.12.2024 ന് രാവിലെ 10.30 മണി മുതൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ തിരുവനന്തപുരത്തുള്ള ഓഫീസിൽ വച്ച് പ്രമാണ പരിശോധന നടത്തുന്നതാണ്.

**I. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് താഴെ പറയുന്ന അസ്സൽ പ്രമാണങ്ങളുമായി നേരിട്ട് ഹാജരാകേണ്ടതാണ്.**

1. അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജനനത്തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്. (എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്).(പ്രായപരിധി 18-40))
2. വിദ്യാഭ്യാസ യോഗ്യത (പത്താം ക്ലാസ് പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത) തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.
3. വിമുക്ത ഭടന്മാരിൽ നിന്നും മാത്രം അപേക്ഷ ക്ഷണിച്ചിട്ടുള്ള തസ്തിക ആയതിനാൽ ഉദ്യോഗാർത്ഥികൾ സൈനിക സേവനകാലം തെളിയിക്കുന്നതിനാവശ്യമായ Discharge Certificate, Pension Payment Order (PPO) മുതലായ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്. (കൂടുതൽ വിവരങ്ങൾക്കായി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പൊതു വ്യവസ്ഥകളിലെ അപ്പൻഡിക്സ് - 3 ബി ലെ ഭാഗം II നോക്കുക)
4. ഉദ്യോഗാർത്ഥി അപേക്ഷയിൽ നൽകിയിട്ടുള്ള മേൽവിലാസം തെളിയിക്കുന്നതിനാവശ്യമായ തിരിച്ചറിയൽ രേഖയും അതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും (ആധാർ, വോട്ടേഴ്സ് ഐ.ഡി. കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട് തുടങ്ങിയ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ചിട്ടുള്ള 16 ഇനങ്ങളിൽ ഒന്ന്)
5. സംവരണാനുകൂല്യത്തിന് അർഹതയുള്ള പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ അംഗമാണെങ്കിൽ ബന്ധപ്പെട്ട തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ്.(2 പകർപ്പുകൾ)
6. ജാതി സംവരണത്തിന് അർഹതയുള്ള മറ്റു പിന്നാക്ക ജാതിയിലെ/സമുദായത്തിലെ അംഗമാണെങ്കിൽ **26.09.2009 ലെ 81/2009/എസ്.സി/എസ്.റ്റി/ഡി.ഡി** എന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള **നോൺക്രീമിലെയർ സർട്ടിഫിക്കറ്റ്** **(NCLC) (FOR EMPLOYMENT UNDER STATE GOVERNMENT)**

7. ഹിന്ദു മതത്തിലെ സംവരണേതര സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നയാളാണെങ്കിൽ (Economically Weaker Sections) **18.11.2019 ലെ GO (P) 79/2019/RD** പ്രകാരം വില്ലേജ് ഓഫീസർ നൽകുന്ന **കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന നിയമനങ്ങൾക്കായുള്ള സർട്ടിഫിക്കറ്റ്.**
**(സർട്ടിഫിക്കറ്റിന്റെ ഫോർമാറ്റ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ (www.kdr.kerala.gov.in) DOWNLOADS -> FORMS എന്ന ലിങ്കിൽ ലഭ്യമാണ്)**

8. സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ടതായ തങ്ങളുടെ ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/EWS സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ ഹാജരാക്കാത്ത പക്ഷം മറ്റൊരറിയിപ്പ് കൂടാതെ ഇവരെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

**II.** (1) സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ദിവസം സർട്ടിഫിക്കറ്റുകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും സഹിതം നേരിട്ട് ഹാജരാകാത്ത പക്ഷം പ്രസ്തുത ഉദ്യോഗാർത്ഥിയുടെ പേര് ഈ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. യാതൊരു കാരണവശാലും സർട്ടിഫിക്കറ്റ് വെരിഫിക്കേഷന്റെയോ, പ്രമാണങ്ങൾ ഹാജരാക്കുന്നതിന്റെയോ സമയപരിധി നീട്ടിനൽകുന്നതല്ല.

(2) മതം/ജാതി എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്ത പത്താം ക്ലാസ് സർട്ടിഫിക്കറ്റുകൾ (ICSE/CBSE മുതലായവ) ഹാജരാക്കിയിട്ടുള്ള ഉദ്യോഗാർത്ഥികൾ മതം/ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്.

(3) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ച തിരിച്ചറിയൽ രേഖകളുടെ വിശദവിവരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.kdrb.kerala.gov.in) ലഭ്യമാണ്.

ഒപ്പ്/-
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്